മഹാത്മാഗാന്ധി സർവകലാശാല
പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, കേരളം – 686 560
(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി1/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)

Draft #2 of File 56911/ACA1 SO/2020/REG SECT Approved by Registrar on 30-Oct-2020 01:31 PM - Page 1

56911/ACA1 SO/2020/REG SECT 30.10.2020

## പരിപത്രം

**വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ / എയ്ഡഡ് പ്രൊഫഷണൽ സ്ഥാപനങ്ങൾ- സ്നേഹ പൂർവ്വം പദ്ധതി മാനദണ്ഡം പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച് :-**

**സൂചന: ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച 20.10.2020 തീയതിയായ കത്ത്**

സാമൂഹ്യനീതി വകുപ്പിന്റെ സ്നേഹപൂർവ്വം പദ്ധതിയിലേയ്ക്ക് 2020-2021 അദ്ധ്യയന വർഷത്തെ ഓൺലൈൻ അപേക്ഷ 08.10.2020 തീയതി മുതൽ e-suraksha portal വഴി സ്വീകരിച്ച് തുടങ്ങിയിട്ടുണ്ട്.ടി പദ്ധതിയിലേയ്ക്ക് അപേക്ഷിയ്ക്കാനുള്ള അവസാന തീയതി 31.10.2020 ആണ്.

ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നുമുള്ള നിർദ്ദേശ പ്രകാരം,സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ അഫിലിയേറ്റഡ് കോളേജുകളും പഠന വകുപ്പുകളും അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തി സ്നേഹപൂർവ്വം പദ്ധതിയിലേയ്ക്ക് e-suraksha portal വഴി 31.10.2020 ന് മുൻപ് അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾ ഇതോടൊപ്പം ചേർത്തിരിയ്ക്കുന്നു.

ഡോ.പ്രകാശ് കുമാർ .ബി
രജിസ്ട്രാർ

പകർപ്പ് :
1.സർവ്വകലാശാലയിലെ എല്ലാ അഫിലിയേറ്റഡ് കോളേജുകൾ/ പഠനവകുപ്പുകൾ
2.പി.ആർ.ഓ
3.വി.സി/ പി.വി.സി എന്നിവരുടെ പി.എസ് മാർ
4.പരീക്ഷാ കൺട്രോളർ/രജിസ്ട്രാർ എന്നിവരുടെ പി.എ മാർ
5.എ.ആർ/ഡി.ആർ/ജെ.ആർ(അക്കാദമിക്)
6.എ.സി.എ7/എ.സി.ബി 7/എ.സി.എ 4
7.കണ്ടെന്റ് മാനേജ് മെന്റ് സെക്ഷൻ/ ഐ.ക്യൂ.എ.സി
8.സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

Break the chain

**കേരള സർക്കാർ**

നം.കെ1/134/2020/ഉ.വി.വ.

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്,
തിരുവനന്തപുരം,
തീയതി :20.10.2020

**ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി**

To

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, പ്രജോടവേഴ്സ്,വഴുതക്കാട്, തിരുവനന്തപുരം.
4. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
5. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, ആനത്തറ ലെയ്ന്, ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3
6. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
7. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.
8. ഡയറക്ടർ, കെ ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് ആന്റ് ആർട്സ്, തെക്കുംതല, കോട്ടയം-686 585

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ/ എയ്ഡഡ് പ്രൊഫഷണൽ സ്ഥാപനങ്ങൾക്കു സ്നേഹ പൂർവ്വം പദ്ധതി മാനദണ്ഡം പ്രകാരം ഓൺ ലൈൻ അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച്

സ്നേഹപൂർവ്വം പദ്ധതിയിലെ 2020-21 അദ്ധ്യായന വർഷത്തെ ഓൺലൈൻ അപേക്ഷ 08.10.20 മുതൽ e-suraksha portal വഴി സ്വീകരിച്ച് തുടങ്ങി. പത്രമാധ്യമങ്ങളിൽ അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിലും നിലവിൽ കോവിഡ് 19 പടരുന്ന സാഹചര്യത്തിൽ കോളേജുകൾ പ്രവർത്തിക്കാത്തതിനാൽ താങ്കളുടെ

കാര്യാലയത്തിൽ നിന്ന് മുൻകൈ എടുത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ/എയിഡഡ്/ പ്രൊഫഷണൽ സ്ഥാപനങ്ങൾക്കും അറിയിപ്പ് നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സ്നേഹപൂർവ്വം പദ്ധതി മാനദണ്ഡ പ്രകാരം അപേക്ഷിക്കാനുള്ള അവസാന തീയതി 31.10.2020 ആണെന്നും അറിയിച്ചികൊള്ളുന്നു.

വിശ്വസ്തതയോടെ

**രാജേഷ് കുമാർ.കെ.കെ.**

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷൻ - വിവിധ സാഹചര്യങ്ങളാൽ ജീവിതം പ്രതിസന്ധിയിലായ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനായി പ്രതിമാസ ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതി വിപുലീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ. (എം.എസ്.) നമ്പർ.06/2013/സാനീവ തിരുവനന്തപുരം , തീയതി. 22.01.2013

---

പരാമർശം:- 1 06.06.2012 ലെ സ.ഉ (എം.എസ്.) നം. 36/2012/സാക്ഷേവ ഉത്തരവ്

2 കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10361/പി1/2012/കെ.എസ്.എസ്.എം. നമ്പർ കത്ത്

ഉത്തരവ്

വിവിധ സാഹചര്യങ്ങളാൽ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് സാധിക്കാതെ വരികയും ചെയ്യുന്ന സന്ദർഭങ്ങളിൽ അത്തരം കുട്ടികളെ അനാഥാലയങ്ങളിൽ സംരക്ഷിക്കാതെ സ്വഭവനങ്ങളിൽ/ബന്ധു ഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് ഉതകുന്ന തരത്തിൽ ആവശ്യമായ പ്രതിമാസ ധനസഹായം നൽകുന്ന 'സ്നേഹപൂർവ്വം പദ്ധതി' . പരാമർശം (1) പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ സ്കൂളുകൾക്കു പുറമെ എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും, ബി.പി.എൽ കുടുംബങ്ങളിലെ കുട്ടികൾക്കു പുറമെ ഗ്രാമ പ്രദേശങ്ങളിൽ 20,000/- രൂപ വരെയും നഗരപ്രദേശങ്ങളിൽ 22,375/- രൂപ വരെയും കുടുംബ വാർഷിക വരുമാനമുള്ള കുട്ടികളെയും ഇത്തരം കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ , ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപ വീതം നൽകുന്ന വിധത്തിൽ അവരെയും കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് കൂടുതൽ അഭികാമ്യമായിരിക്കുമെന്ന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

22

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളിലെ വിദ്യാർത്ഥികളെ കൂടാതെ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളെയും, ബി.പി.എൽ കുടുംബങ്ങളിലെ കുട്ടികൾക്കുപുറമെ ഗ്രാമ പ്രദേശങ്ങളിൽ 20,000/- രൂപ വരെയും നഗരപ്രദേശങ്ങളിൽ 22,375/- രൂപ വരെയും കുടുംബവാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികളെയും സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി വിപുലീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) ഇത്തരം കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000/- രൂപ (ആയിരം രൂപ മാത്രം) വീതം ധനസഹായം നൽകുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ഡോ. കെ.എം. എബ്രഹാം**
പ്രിൻസിപ്പൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, സോഷ്യൽ വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷണൽ കോംപ്ലക്സ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ ആന്റ് ഇ) തിരുവനന്തപുരം
പൊതുഭരണ (എസ്.സി.) വകുപ്പ് (16.01.2013 ലെ 2926 നമ്പർ തീരുമാനം)
വിവര പൊതുഭരണ സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനും വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനായി)
ധനകാര്യ വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പ്
ഉന്നത വിദ്യാഭ്യാസ വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

R. Vijayakumar

സെക്ഷൻ ഓഫീസർ

മലയാളം ഭരണഭാഷ കേരളം